(ബി) * ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) കൃത്യ നിർവ്വഹണത്തിനു കാർ സഹായകരമായിരിക്കുമെന്നു ഗവണ്മെൻറിനു ബോദ്ധ്യമായാൽ ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കും മറ്റു പൊതു ആവശ്യങ്ങൾക്കും സ്റ്റോറു കോട്ടായിൽനിന്നും കാർ അലോട്ടു ചെയ്യുന്നുണ്ട്.

9 a. m.] **Mr. Speaker :** Order, order. Question hour is over.

ADJOURNMENT MOTION

Serious Situation at Churuli–Keerithode.

Mr. Speaker : I have received a notice under Rule 49 from Shri C. Achutha Menon for adjournment of the business of the Assembly for the purpose of discussing a matter of very urgent public importance viz., the serious situation reported to be prevailing in the Churuli–Keerithode areas as a result of the lathi charge etc. that took place there on the 26th February 1964. I have also received similar notices from Sarvashri T. K. Ramakrishnan and M. M. Sundaram. I call upon the Chief Minister to place the facts before the House.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സർ, അനധികൃതമായി വനപ്രദേശങ്ങളിൽ പ്രവേശിക്കപ്പെട്ടവരെ അവിടെനിന്നും ഇറക്കിവിടുന്നതിനും, ഗവണ്മെൻറു് നേരത്തേ സ്വീകരിച്ചിട്ടുള്ള പ്രകാരത്തിലുള്ള റീഹാബിലിറ്റേഷൻ ഏർപ്പാടു ചെയ്യുന്നതിനുമുള്ള തീരുമാനം കുറേ നേരത്തേതന്നെ ഈ ഗവണ്മെൻറു് എടുത്തിരിക്കുകയാണു്. അങ്ങനെ ചുരുളിയിലും കീരിത്തോടു പ്രദേശങ്ങളിൽനിന്നും ആളുകളെ ഇറക്കുന്നതിനു ആവശ്യമായ നടപടികളും ഗവണ്മെൻറു് എടുത്തുവരികയാണു്. ഇന്നലെ അവിടെകുറച്ചു അസാധാരണമായ സംഭവങ്ങൾ ഉണ്ടായി. ഇന്നലെ കാലത്തു ഒൻപതു മണിക്കു കീരിത്തോടു എന്ന സ്ഥലത്തു് അവിടെ പോലീസിൻറെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയ ഷെഡ്ഡുകളുടെ പണി തടസ്സപ്പെടുത്തുന്നതിനു ഒരു യത്നം നടന്നു. അതിനു നേതൃത്വം നൽകിയതു മിസ്റ്റർ മാഞ്ഞൂരാൻ ആയിരുന്നു. മിസ്റ്റർ മാഞ്ഞൂരാനും അവിടുള്ള കുറെ ആളുകളും അവിടെ നിന്നിരുന്നു. അവരോടു അവിടെ നിന്നും ഒഴിഞ്ഞു പോകണമെന്നു ആവശ്യപ്പെട്ടപ്പോൾ അതു കേൾക്കാതെ വീണ്ടുംവന്നു തടസ്സം ചെയ്തു. അപ്പോൾ മിസ്റ്റർ മാഞ്ഞൂരാനേയും കുറേ ആളുകളേയും പോലീസ് അറസ്റ്റുചെയ്തു. എവിക്ഷൻ സംബന്ധിച്ചു പ്രത്യേകം നിയോഗിക്കപ്പെട്ടിരിക്കുന്ന ഫസ്റ്റു ക്ലാസ് മജിസ്ട്രേട്ടിൻറെ അധികാരത്തോടുകൂടിയ ഡെപ്യൂട്ടി കളക്ടർ സ്ഥലത്തുണ്ടായിരുന്നു. അറസ്റ്റു ചെയ്തിട്ടുള്ളവരെ അവിടെനിന്നും മാറിക്കഴിഞ്ഞതിനുശേഷം പോലീസ് ആ സ്ഥാനത്തുനിന്നും മാറി. കുറച്ചുകൂടി പോലീസ് അവിടെ വന്നുചേരാൻ ഉണ്ടായിരുന്നു, അവരെ കാത്തിരുന്നു. ഇന്നലെ രാവിലെ ഈ സംഭവം ഉണ്ടായതിനുശേഷം പറയത്തക്ക വലിയ സംഭവമൊന്നുമില്ലാതെ ഏതാണ്ടു നേരം വൈകി. ഉച്ചതിരിഞ്ഞതിനുശേഷം അവർക്കു അറിവുകിട്ടി എസ്.പി. യും കളക്ടറും ഈ സ്ഥലത്തേക്കു പുറപ്പെട്ടുകഴിഞ്ഞു, വഴിക്കു തടസ്സം ഉള്ളതുകൊണ്ടു് വളരെ വേഗത്തിൽ അവർക്കു നീങ്ങാൻ കഴിയുന്നില്ല എന്നു്. വലിയ വലിയ പാറകൾ റോഡിൻറെ നടുവിൽ ഉരുട്ടിക്കൊണ്ടു വയ്ക്കുക, വലിയ വലിയ തടിക്കഷണങ്ങൾ വെട്ടി റോഡിനകുറുകെ വയ്ക്കുക, കല്ലുകൾ മാറ്റുക ഇങ്ങനെയെല്ലാം ചെയ്തിരുന്നു, അതുകൊണ്ടു് വിചാരിച്ച വേഗത്തിൽ കളക്ടർക്കും എസ്. പി-ക്കും സ്ഥലത്തു എത്താൻ കഴിഞ്ഞില്ല. ഒബ്സ്ട്രക്ഷൻസ് ഉണ്ടായിരുന്നതു് പനംകുട്ടി എന്ന സ്ഥലത്താണു്. അവിടെ 'ഹോസ്റ്റയിൽ ക്രൌഡ്' എന്നതന്നെ പറയാം, വളരെയധികം ആളുകൾ കൂടിയിരുന്നു. നാലുമണിയായപ്പോൾ ഐ. എസ്. പി. യിലെ ഒരു വിഭാഗം കൂടി അവിടെ എത്തി. അതിനുശേഷം കളക്ടറും എസ്. പിയും കൂടി കീരിത്തോട്ടിലേക്കു നീങ്ങി. പോകുന്നതിനു വളരെ പണിപ്പെട്ടേ സാധ്യമായിരു

* Placed in the library.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ന്നുള്ള. വഴിക്കു തടസ്സം ഉണ്ടായിരുന്നതുകൊണ്ട് വിചാരിച്ച വേഗത്തിൽ പോകുവാൻ സാധിച്ചില്ല. കീരിത്തോട്ടിൽ എത്തിയപ്പോൾ അവിടെ പോലീസ് ക്യാമ്പിനപുറവും ഉണ്ടായിരുന്ന ഷെഡ്ഡുകളും തീവച്ചു നശിപ്പിച്ചിരിക്കുന്നതായി കണ്ടു. പോലീസ് ക്യാമ്പ് കുറച്ചുകൂടി അപകടം ഉണ്ടാകുന്ന സ്ഥിതിയിലായിരുന്നു. പ്രത്യേകിച്ചും പോലീസുകാരുടെ ആവശ്യത്തിനായി വെടിമരുന്നു ഒരു ഷെഡ്ഡിൽ സൂക്ഷിച്ചിരുന്നു. അതുകൊണ്ടു അപകടം കൂടുതലാണെന്നു പോലീസിനു ബോധ്യമായി. അവിടെ ആയിരത്തോളം ആളുകളും തടിച്ചുകൂടി പോലീസിനെ ആക്രമിക്കുവാനുള്ള ഭാവത്തിൽ നിൽപ്പുണ്ടായിരുന്നു. അവിടെ ആക്രമണം നടത്തി അറസ്റ്റുചെയ്തിട്ടുള്ളവരെ രക്ഷിക്കുവാനുള്ള ശ്രമമാണു് നടത്തിയതു്. അതു വിളിച്ചുപറയുന്നുണ്ടായിരുന്നു. പോലീസിനെ വളരെ ഭീഷണിപ്പെടുത്തുകയും ചീത്തവിളിച്ചുപറയുകയും ചെയ്തുകൊണ്ടിരുന്നു. തക്കസമയംനോക്കി മുന്നോട്ടുനീങ്ങി ക്യാമ്പു കൈവശപ്പെടുത്താമോ എന്നുള്ളമട്ടിൽ ജനക്കൂട്ടം നിൽക്കുന്നുണ്ടായിരുന്നു. അവരുടെ ഇടയിൽ പഞ്ചായത്തു പ്രസിഡണ്ടു തുടങ്ങിയ ജനപ്രമാണികളായ ആളുകളും ഉണ്ടായിരുന്നതായി കണ്ടു. ഒടുവിൽ ബലപ്രയോഗം നടത്തുമെന്നു ബോധ്യപ്പെട്ടപ്പോൾ ഏതാണ്ടു അഞ്ചരമണിയോടുകൂടി അവർക്കു ഒരു വാർണിംഗ് കൊടുക്കുകയുണ്ടായി. അവിടെനിന്നും പിരിഞ്ഞുപോകണമെന്നു ആവശ്യപ്പെട്ടു. അങ്ങനെ വാർണിംഗ് നൽകിയതു ഫസ്റ്റു ക്ലാസ് മജിസ്ട്രേട്ടിന്റെ അധികാരമുള്ള എവിക്ഷൻവേണ്ടി ഇപ്പോൾ പ്രത്യേകം നിയോഗിച്ചിരിക്കുന്ന ഡെപ്യൂട്ടി കളക്ടറാണു്. അങ്ങനെ പിരിഞ്ഞു പോകാതിരുന്നപ്പോൾ ഇതൊരു അൺലോഫുൾ അസംബ്ലിയാണെന്നു പ്രഖ്യാപിച്ചുകൊണ്ടു് വീണ്ടും വാർണിംഗ് കൊടുക്കുകയും ചെയ്തു. എങ്കിലും അവർ പോയില്ല. എന്നുമാത്രമല്ല അവർ കല്ലുകളും പെറുക്കി എറിയാൻ തുടങ്ങി. അവരുടെ കൈവശം വടിയും വെട്ടുകത്തിയും ഉണ്ടായിരുന്നു. പക്ഷേ അകലേ നിൽക്കുന്നതുകൊണ്ടു് കല്ലുകളും വെറുക്കി എറിഞ്ഞു. അതിന്റെ ഫലമായി ഒരു ഹെഡ്കാൻസ്റ്റബളിനും പതിനാറു പോലീസുകാർക്കും മുറിവുണ്ടായി. അതുവരെ പോലീസ് വളരെ ക്ഷമ കാണിച്ചു. നേരം സന്ധ്യയായി. ഇനിയും ആൾക്കൂട്ടം അവിടെ തുടർന്നു നിൽക്കുവാൻ അനുവദിക്കുന്നതു ആപൽക്കരമായിരിക്കുമെന്നു പോലീസിനു തോന്നി. അതുകൊണ്ടു കുറച്ചു ടിയർ ഗ്യാസ് ഷെല്ലുകളും പൊട്ടിച്ചു ആളുകളെ പിരിച്ചുവിടാമോ എന്നു കരുതി അതിനു ഡെപ്യൂട്ടി കളക്ടർ ആജ്ഞ നൽകി. പക്ഷേ ഭൂമിയുടെ സ്ഥിതിയും കാറ്റിന്റെ സ്ഥിതിയും കാരണം ജനങ്ങളെ പിരിച്ചുവിടുന്നതിനു പര്യാപ്തമായ നിലയിൽ ഉപയോഗിക്കുവാൻ സാധിച്ചില്ല. അവർ കുറച്ചുകൂടി defiant ആയി മുന്നോട്ടു നീങ്ങാൻ ശ്രമിച്ചു. പൂട്ടുകത്തിച്ച ഷെഡ്ഡുകളിൽ എറിയാൻ തുടങ്ങി. വെടിമരുന്നു വച്ചിരുന്ന ഷെഡ്ഡിൽ തീപിടിക്കുകയാണെങ്കിൽ അതാണു് ഏറ്റവും പ്രധാനമായിട്ടുള്ളതു്. അങ്ങനെയുണ്ടായപ്പോൾ ഒടുവിൽ പോലീസ് എന്തെങ്കിലും ആക്ഷൻ എടുക്കുവാൻ നിർബന്ധിതരായി. അതേസമയത്തു രണ്ടുവശമുള്ള ഫാനസ്സിനു ഇവർ തീയിട്ടു. അവിടെ ഉണങ്ങിയ പുല്ലുകളും മറ്റും ഉണ്ടായിരുന്നു. അങ്ങനെ മൂന്നു വശത്തും തീ എന്നുള്ള സ്ഥിതിയായി. ഒടുവിൽ അവർ ലാത്തിച്ചാജ്ജ് ചെയ്തു ലാത്തിചാർജ് ചെയ്തുകഴിഞ്ഞപ്പോൾ ആളുകൾ പല വഴിക്കും ഓടാൻ തുടങ്ങി. കുറച്ചുപേർക്കു പരിക്കുപറ്റി. എട്ടുപേരെ പോലീസിന്റെ ഷെഡ്ഡിൽ കൊണ്ടുവന്നു ഫസ്റ്റു എയിഡു നടത്തി. അതിൽ ഒന്നു ഒരു സ്ത്രീയാണു്. മറ്റുചില ആളുകൾക്കും പരിക്കു പറ്റിയിട്ടുണ്ടു്. എത്രയാണെന്നു സൂക്ഷ്മമായി ഇപ്പോൾപറയാൻ നിവൃത്തിയില്ല. അവരെല്ലാം ഓടിപ്പോയി. മലയ്ക്കുത്തും മറ്റുംചെന്നു കണ്ടുപിടിക്കുവാനും പ്രയാസമാണു്. ആ സ്ഥലവും പരിസരപ്രദേശങ്ങളും പോലീസ് പെട്രോൾ ചെയ്തു സൂക്ഷിക്കുകയും ചെയ്തിട്ടുണ്ടു്. ആർക്കെങ്കിലും കുറച്ചു ഗുരുതരമായ പരിക്കു പറ്റിയിട്ടുള്ളതായി ഇതേവരെ അറിവില്ല. വെടിവയ്പു് ഉണ്ടായി എന്നു പറയുന്നതു ശരിയല്ല. അങ്ങനെ ഒരു കാര്യമേ ഉണ്ടായില്ല. ലാത്തിചാർജ് ഉണ്ടായി, ടിയർ ഗ്യാസ് പ്രയോഗിച്ചു എന്നുള്ളതും ശരിയാണു്. ആർക്കും വലിയ പരിക്കുകൾ ഉണ്ടായിട്ടില്ല എന്നുള്ളതും ഈ സഭയുടെ മുമ്പാകെ ഞാൻ വയ്ക്കുകയാണു്. എം. എസ്. പി. ക്യാമ്പു് ചെയ്യുന്നുണ്ടു്. അവിടെ പോകുന്നതിനു വഴിക്കു വേണ്ടതു സംരക്ഷണവും പോലീസ് കൊടുത്തിട്ടുണ്ടു്. സർ, ഇതുസംബന്ധിച്ചു

ശ്രീ. ആർ. ശങ്കർ]

എനിക്ക പറയുവാനുള്ള ഒരു കാര്യം പെട്ടന്ന ആലോചന ഒന്നും കൂടാതെ ധൃത ഗതിയിൽ കൈക്കൊണ്ട നടപടിയല്ല ഇതു്. ഗവണ്മെൻറു വളരെയേറെ സമയം ഫാറസ്റ്റ് ഏരിയായിൽ കയറിയവക്ക വിട്ടുപോകുവാൻ കൊടുക്കുകയുണ്ടായി. 1960-ൽ തന്നെ അവരെ ഒഴിപ്പിക്കുവാൻ നടപടിയെടുത്തു. അവിടെ അതിനായിചെന്നപ്പോഴും അന്നു അവരും അവരുടെ നേതാക്കളും കൂടി കണ്ടു കുറച്ചുസമയംകൂടി അവക്ക നൽകണം എന്നും ഇറക്കിപ്പോയ കൃഷികൂടി എടുത്തുകൊണ്ടു് സ്ഥലം ഒഴിഞ്ഞുതരാമെന്നും ഉറപ്പുനൽകിയതിൻറെ അടിസ്ഥാനത്തിൽ കുറച്ചു സമയംകൂടി അവക്ക നൽകി. കൃഷി എടുത്തുകഴിഞ്ഞിട്ടും അവർ പോയില്ല. അടുത്തകൊല്ലം ഗവണ്മെൻറിനു വേറെ ചില സ്ഥലങ്ങളിൽ ഒഴിപ്പിക്കുന്നതിനുള്ള നടപടി എടുക്കേണ്ടിയിരുന്നതിനാൽ ഈ കാര്യത്തിൽ ശ്രദ്ധിക്കുവാൻ കഴിഞ്ഞില്ല. ഫാറസ്റ്റായി വച്ചേക്കണ്ട ഭൂമി ഏതെല്ലാമാണെന്നും സ്ഥിരമായി ഇവക്ക പതിച്ചുകൊടുക്കേണ്ട ഭൂമി ഏതാണെന്നും കണ്ടുപിടിച്ച നിശ്ചയിക്കുവാൻ ഒരു കമ്മിറ്റിയെ ഗവണ്മെൻറു് നിശ്ചയിച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട കിട്ടിയതോടുകൂടി ഫാറസ്റ്റിൻറു ഭൂമി ഏതായിരിക്കണമെന്നും അല്ലാത്ത സ്ഥലം ഏതായിരിക്കണമെന്നും ഉള്ള ഡീമാർക്കേഷൻ ലൈൻ വ്യക്തമായിട്ട ഉണ്ടാക്കുകയും ഫാറസ്റ്റിനുള്ളിൽ താമസിക്കുന്ന ആളുകൾ ഉണ്ടെങ്കിൽ അവരെ മാറ്റി സഹായം അർഹിക്കുന്നവരുണ്ടെങ്കിൽ ആ സഹായം കൊടുക്കുകയും വീടുവച്ചുകൊടുക്കുവാനാണെങ്കിൽ വീടുവച്ചുകൊടുത്തും ഒഴിപ്പിക്കുന്നതിനും തീരുമാനം എടുത്തു. ഈ പ്രിസർവേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട ഗവണ്മെൻറിനു കിട്ടിയതിനുശേഷമാണു് ഡീമാർക്കേഷൻ ലൈൻ നിശ്ചയിച്ചു അതിൻറെ പോക്കറ്റിനുള്ളിൽ താമസിക്കുന്ന ആളുകളെ മാറ്റാൻ തീരുമാനിച്ചതു്. അതിൻറെ ഫലമായാണു് ഈ നടപടി ഇപ്പോഴും എടുത്തുകൊണ്ടിരിക്കുന്നതു്. 1960-ൽ അവിടെ പാർക്കുന്ന ആളുകളുടെ ലിസ്റ്റു് ഗവണ്മെൻറു് തയാറാക്കി വച്ചിട്ടുണ്ടു്. അന്നുമുതൽ എവിക്ഷൻ നടത്തുമ്പോഴും വേറെ ഭൂമി ഇല്ലാത്തവരാണെങ്കിൽ ഭൂമി കൊടുക്കണമെന്നും, വീടില്ലാത്തവരാണെങ്കിൽ വീടു് ഉണ്ടാക്കിക്കൊടുക്കണമെന്നും ഗവണ്മെൻറു് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഒഴിപ്പിക്കലുകളും നടത്തുമ്പോഴും ഇതിനു മുമ്പിലെത്തുകാരും സൗജന്യമായ രീതിയിൽ അവരോടു പെരുമാറണമെന്നും ഏർപ്പാടു ചെയ്തിരുന്നു. ഇതു കുറെക്കൂടി ഉള്ളിലുള്ള ഏരിയ ആണു്. വാഹനങ്ങൾക്ക ചെന്നെത്തുവാൻ പ്രയാസമാണു്. ആ സ്ഥലത്തേക്ക ഇന്നത്തെ സ്ഥിതി നോക്കി ഗവണ്മെൻറു നിശ്ചയിക്കുന്ന എന്തെങ്കിലും സൗജന്യം ആരെങ്കിലും അർഹിക്കുന്നുണ്ടെങ്കിൽ കളക്ടർ അപ്രകാരം ചെയ്തുകൊള്ളണമെന്നുള്ള അധികാരവും കളക്ടർക്ക കൊടുത്തിട്ടുണ്ടു്. ഇതെല്ലാം ചെയ്തുകഴിഞ്ഞതിനുശേഷമാണു് കളക്ടറും, എസ്. പി. യും പോലീസും സഹായത്തിനുവേണ്ടിവരുന്ന ഫാറസ്റ്റു ഉദ്യോഗസ്ഥന്മാരും ചേർന്ന ഡീമാർക്കേഷൻ ലൈനിനുള്ളിൽ താമസിക്കുന്ന ആളുകളെ മാറ്റാൻ തീരുമാനിച്ചതു്. അവരെ മാറ്റിപ്പാർപ്പിക്കുന്നതിനുവേണ്ട സ്ഥലം പ്രത്യേകം അളന്നു തിരിച്ചു തയാറാക്കിയിട്ടുണ്ടു്. വീടു കെട്ടുന്നതിനും സൗകര്യം കൊടുത്തിട്ടുണ്ടു് കൺവേയൻസിനുള്ള സൗകര്യവും കൊടുത്തിട്ടുണ്ടു്. പണം വേണ്ടിവരുന്നവക്ക പണമായിട്ടും സഹായം നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. റേഷൻ ആവശ്യമുള്ളപക്ഷം അതും നൽകുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ടു്. എന്നിട്ടും കുറച്ചാളുകൾ മനപ്പൂർവ്വമായി കുഴപ്പം ഉണ്ടാക്കാൻ ശ്രമിക്കുകയാണു്.

സർ, ഈ സംസ്ഥാനത്തെസംബന്ധിച്ചിടത്തോളം പല പ്രോജക്ടു് ഏരിയാകളിലും അനധികൃതമായ കയ്യേറ്റങ്ങളും നടത്തിയിട്ടുണ്ടു്. ഇതു് ഒരു പദ്ധതിയുടെ ഏരിയായാണെന്നുപറയാൻ കഴിയുകയില്ല. എങ്കിലും അതിൽ ഏറ്റവും വലിയ ഒരു ഭാഗം ഇടുക്കിസ്കീമിൽ സബ്മാർജ് ചെയ്യപോകും. ബാക്കിയുള്ള ഭാഗം ഫോറസ്റ്റു് ഏരിയായായി സൂക്ഷിക്കേണ്ടതാണു്. ഇതു് വളരെക്കാലത്തെ ആലോചനയ്ക്കുശേഷം എടുത്തിട്ടുള്ള തീരുമാനമാണു്. ആ തീരുമാനം ഇപ്പോൾ നടപ്പിൽ വരുത്താൻ പോകുകയാണു്. ഈ തീരുമാനം നടപ്പിൽ വരുത്താൻ ഏറ്റവും ആവശ്യമായിതീർന്നതു് എന്തുകൊണ്ടെന്നാൽ അതിനുവേണ്ടി എടുത്തിട്ടുള്ളതിൽ നാൽപതിനായിരം ഏക്കർ സ്ഥലത്തു് അനധികൃതമായ കയ്യേറ്റ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ഉണ്ടായി. ഒന്നാംതരം തേക്കും, മറ്റു വനവൃക്ഷങ്ങളും അവിടെയുണ്ട്. ആ സ്ഥലത്താണ് ആളുകൾ കയ്യേറാം നടത്തിയിട്ടുള്ളത്. ആളുകൾ കൂട്ടമായി ആ സ്ഥലങ്ങൾ കയ്യേറുകയും അവിടെയുള്ള വനവൃക്ഷങ്ങൾ തീവെച്ച് നശിപ്പിക്കുകയുംചെയ്യും. ഇതു് തുടർന്നുപോകുന്നതു് ശരിയല്ലെന്നും, അതു് അവസാനിപ്പിച്ചില്ലെങ്കിൽ ഈ സംസ്ഥാനത്തു് ഫോറസ്റ്റ് ഒട്ടുംതന്നെകാണുകയില്ലെന്നുമുള്ള സ്ഥിതിവിശേഷമുണ്ടായി. അതുകൊണ്ട് അതിനെ തടയുന്നതിന് കർശനമായ നടപടികൾ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും എടുക്കണമെന്നു് തീരുമാനിച്ചു. അതേസമയം അവിടെ പോയി പാർക്കുന്ന, ഭൂമിയില്ലാത്ത പാവങ്ങളായ ആളുകൾ ഉണ്ടെങ്കിൽ അവരെ കഴിവുള്ളിടത്തോളം സഹായിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. ഇതിനുമുമ്പുകാലങ്ങളിൽ ചെയ്യുകൊടുക്കാത്ത സൗജന്യങ്ങളാണു് ഇവർക്കു ചെയ്യുകൊടുക്കാൻ തീരുമാനിച്ചിട്ടുള്ളതു്. അതിനാവശ്യമായ നടപടികൾ ഗവണ്മെന്റിൽനിന്നും എടുത്തുതുടങ്ങിയപ്പോൾ അതിനെ തടസപ്പെടുത്താനുള്ള നടപടികൾ ചിലർ എടുത്തുതുടങ്ങി. അങ്ങനെയുള്ള തടസങ്ങൾ തടയേണ്ടതു് ആവശ്യമാണെന്നു കരുതി, അതിനാവശ്യമായ നടപടികൾ ഗവണ്മെന്റിൽനിന്നു് കൈക്കൊള്ളേണ്ടിവന്നു. അതാണു് യഥാർത്ഥത്തിൽ ഗവണ്മെന്റിൽനിന്നു് എടുത്തിട്ടുള്ള നിലപാടു്. അവിടെയുള്ള ചിലയാളുകൾ ചേർന്നു്, സമാധാനത്തിനുവേണ്ടി ചെന്നിട്ടുള്ള പോലീസിനെതിരായി സംഘടിക്കുകയും, അവക്കെതിരായി പ്രവർത്തിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ പൊതുപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ ഗവണ്മെന്റിനോടു സഹകരിക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്. ഗവണ്മെന്റിനെതിരായ നടപടികൾ എടുക്കാൻ ഭാവമുണ്ടെങ്കിൽ, അതിനു് നേതൃത്വം കൊടുക്കുന്ന ആളുകൾ ആരായിരുന്നാലും ശരി, അവരെ അടയ്ക്കുന്നതിനാവശ്യമായ നടപടികൾ ഗവണ്മെന്റിൽ നിന്നും സ്വീകരിക്കുന്നതാണു്. അപ്രകാരമുള്ള നടപടികൾ എടുത്തു് ഈ രാജ്യത്തെ വനസമ്പത്തു് സംരക്ഷിക്കാനും, ഈ രാജ്യത്തിന്റെ ഭാവി സുരക്ഷിതമാക്കാനും ഈ ഗവണ്മെന്റിൽ നിന്നും എടുക്കുന്ന നടപടികളോടു്, ഈ സഭയിലുള്ളവരും, ഈ രാജ്യത്തോടു സ്നേഹമുള്ള പൊതുജനങ്ങളും പരിപൂർണ്ണമായി സഹകരിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. സി. അച്യുതമേനോൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നത്തെ വളരെ വിപുലമായ പരിധിയിലേയ്ക്കു് വികസിപ്പിച്ചുകൊണ്ടുപോയി. അദ്ദേഹം ഇക്കാര്യത്തിൽ ഗവണ്മെന്റിനിന്നും എടുക്കുന്ന നടപടികളെക്കുറിച്ചു് വിശദമായി പറയുകയുണ്ടായി. അതു് ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുമുള്ള വാദം മാത്രമാണു്. പക്ഷെ ഈ പ്രശ്നത്തെപ്പറ്റിയുള്ള പ്രസക്തമായ വിഷയം അതല്ല. അവിടെ താമസിക്കുന്ന ആളുകളെ ഒഴിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ പോലും, അതിൽ ഗവണ്മെന്റിൽനിന്നും എടുത്തിട്ടുള്ള നടപടികൾ ന്യായമായിട്ടുള്ളതാണോ, അന്യായമായിട്ടുള്ളതാണോ, അനാവശ്യമായിട്ടുള്ള ബലപ്രയോഗങ്ങളും, ജീവഹാനിയും അവിടെയുണ്ടായിട്ടുണ്ടോ എന്നീ വസ്തുതകളെ ആസ്പദമാക്കിയാണു് അടിയന്തിരപ്രമേയം അവതരിപ്പിച്ചതു്. അവിടെ വെടിവെയ്പ്പു് നടത്തിയതിന്റെ ഫലമായിട്ടു് പലയാളുകളും മരിച്ചിട്ടുണ്ടു്. എന്നാൽ മുഖ്യമന്ത്രി പറയുന്നു, അവിടെ വെടിവെയ്പു് നടന്നിട്ടില്ലെന്നും, മരണങ്ങൾ ഉണ്ടായിട്ടില്ലെന്നും. ഞാൻ ഇക്കാര്യത്തെക്കുറിച്ചു് വളരെ വിശദാംശങ്ങളിലേയ്ക്കു് കടക്കാൻ ആഗ്രഹിക്കുന്നില്ല. മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ അവിശ്വസനീയമായ ചില കാര്യങ്ങൾ പറയുകയുണ്ടായി. ശ്രീ. മാഞ്ഞൂരാനെ അറസ്റ്റ്ചെയ്യുവെന്നും, വൈകുന്നേരംവരെ അവിടെതന്നെ വെച്ചിരുന്നുവെന്നും. അതുതന്നെ കഴപ്പും ഉണ്ടാക്കാൻ ചെയ്ത നടപടിയല്ലേ? മറ്റുള്ള ആളുകൾ ബലപ്രയോഗത്തിനായിട്ട പോലീസിന്റെ നേരെ വന്നപ്പോൾ, അവർക്കെ നേരെ ലാത്തിചാർജ് നടത്തുകയും, ടിയർഗ്യാസ് പ്രയോഗിക്കുകയും ചെയ്തുവെന്നു പറഞ്ഞു. ഇതു് വളരെ കൃത്രിമമായി ചെയ്തിട്ടുള്ള കാര്യങ്ങളല്ലേ? അതുപോലെതന്നെ ചട്ടു് കത്തിച്ചു് എറിഞ്ഞുവെന്നും പറഞ്ഞു. മുഖ്യമന്ത്രി ഇവിടെത്തന്ന വിശദീകരണത്തിൽനിന്നു് ഇക്കാര്യത്തെസംബന്ധിച്ചിടത്തോളമുള്ള മുഴുവൻ വസ്തുതകളും കിട്ടിയിട്ടില്ല. ചില പത്രങ്ങളിൽ ഇരുനൂറോളം ആളുകളെ അറസ്റ്റു ചെയ്തതായിട്ടുള്ള വാർത്തകൾ ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ തന്ന വിശദീകരണത്തിൽ ഇതിനെക്കുറിച്ചുള്ള മുഴുവൻ സംഗതികളും സ്പഷ്ടമായിട്ടില്ല. ഇതിനെപ്പറ്റി ഞങ്ങൾക്കു് ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടു്. അതുകൊണ്ടു് ഈ അടിയന്തിരപ്രമേയത്തിനു് അനുമതി തരണമെന്നാണു് എനിക്കു് അങ്ങയോട് അപേക്ഷിക്കുവാനുള്ളതു്.

ശ്രീ. ആർ. ശങ്കർ: സർ, ഇതിനെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിച്ചു് അയച്ചുതരുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. എനിക്കു് ഇതിനെ സംബന്ധിച്ചു് കിട്ടിയിട്ടുള്ള വിവരങ്ങൾ എല്ലാംതന്നെ സഭയിൽ പറഞ്ഞിട്ടുണ്ടു്. പിന്നെ സാധാരണഗതിയിൽ ഉപയോഗിക്കേണ്ടി വരുന്നതിൽ ഏറ്റവും കുറച്ചു ശക്തി മാത്രമേ പോലീസു് അവിടെ ഉപയോഗിച്ചിട്ടുള്ളൂ. അവിടത്തെ സിറ്റുവേഷനെ നിയന്ത്രിക്കേണ്ടതു് കളക്ടറുടേയും, ഡി. എസ്. പി. യുടേയും പ്രത്യേകമായ ചുമതലയിലാണു്. അവർക്കു് അതിനാവശ്യമായ നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടു്. ഇതിൽ എത്രമാത്രം കരുണയോടുകൂടി പ്രവർത്തിക്കാമോ, അത്രയും കരുണയോടുകൂടി പ്രവർത്തിക്കണമെന്നാണു് ഗവണ്മെൻറിൽനിന്നും നിർദ്ദേശിച്ചിട്ടുള്ളതു്. അതിനു കഴിവുള്ള ഒരു കളക്ടറെയാണു് ഇതിലേക്കുവേണ്ടി നിയോഗിച്ചിട്ടുള്ളതു്. അക്കാര്യത്തിൽ വളരെ ആശങ്കപ്പെടാതെ അവരുടെ കർത്തവ്യം നിർവ്വഹിക്കും. അവിടെ നടക്കുന്ന സംഭവങ്ങളെപ്പറ്റിയുള്ള വിവരങ്ങളെല്ലാംതന്നെ ഗവണ്മെൻറിനെ അറിയിക്കണമെന്നും ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഇവിടെ കിട്ടിയിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും ഈ സഭയുടെ മുമ്പാകെ വെച്ചിട്ടുണ്ടു്. കൂടുതലായിട്ടു വല്ല വിവരങ്ങളും ലഭിക്കുകയാണെങ്കിൽ അതിവിടെ പറയുകയും ചെയ്യാവുന്നതാണു്. ഇക്കാര്യത്തിൽ വളരെ കരുതലോടുകൂടിയുള്ള നടപടികൾ ഗവണ്മെൻറു് ഭാഗത്തുനിന്നും എടുക്കാവുന്നതാണു്. അതുകൊണ്ടു് ഇക്കാര്യത്തിൽ ഒരു അടിയന്തിരപ്രമേയത്തിൻറെ ആവശ്യമുണ്ടായിട്ടില്ല.

Mr. Speaker : Order, order. From the facts stated by the Chief Minister it is clear that Government are well aware of the circumstances there and that sufficient precautions have also been taken. One thing is also definitely known that neither firing nor any death has occurred. The Chief Minister has also said that further enquiries on the matter will be conducted. In the light of these facts, I withhold consent to the moving of this adjournment motion.

Alleged interference by the Police in the (ii) Labour Strike at the Purushotham Gokuldas Plywood Factory at Pappinisseri.

Mr. Speaker : Another Motion under Rule 49 from Shri T. C. Narayanan Nambiar has also been received requesting the adjournment of the business of the House to discuss a matter arising out of the strike by the workers in the Plywood Factory at Pappinisseri and the unjust interference by the police.

Minister for Transport and Labour (**Shri K. T. Achuthan**) : I shall give the facts on Monday.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : എനിക്കു് അതിനെപ്പറ്റിയുള്ള ഒരു വിശദീകരണത്തിനുള്ള സമയം അനുവദിച്ചുതന്നാൽ കൊള്ളാം.

Shri K. T. Achuthan : I have to collect all information and then I shall give a factual statement on Monday.

LIBRARY ARCHIVES Kerala Legislative Assembly